**No. P 9/15**

**സ്വയംസ്ഥിതനും ആദ്യന്ത്യമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)**
**അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരി.പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിൻ കീഴിലുള്ള**
**യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ**

**ബസ്സേലിയോസ് തോമസ് പ്രഥമൻ**

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാർക്കും, എല്ലാ പള്ളികളിലേയും ബഹു.വികാരിമാർക്കും, സഹവികാരിമാർക്കും, കൈക്കാരന്മാർക്കും, കമ്മറ്റിക്കാർക്കും, ഭക്തസംഘടനാപ്രവർത്തകർക്കും, ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്കും കർത്താവിൽ വാഴ്വ്.

**പ്രിയരെ സസ്നേഹം അറിയിക്കുന്നത്,**

ലോകമെമ്പാടും പ്രത്യേകിച്ച് മദ്ധ്യപൂർവ്വദേശത്ത് പ്രക്ഷുബ്ദ്ധമായ അന്തരീക്ഷം നിലനിൽക്കുമ്പോൾ തന്നെയും ഒരു അനുഗ്രഹീതമായ ഉയിർപ്പിന്റെ സമാധാനവും സന്തോഷവും നിങ്ങളുമായി പങ്കുവയ്ക്കുന്നു. സിറിയായിലെയും ഇറാക്കിലെയും ആഭ്യന്തര കലാപത്തെക്കുറിച്ചും അവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകളെകുറിച്ചും ഓർക്കുമ്പോൾ നാം അതീവ ദു:ഖിതനാണ്. നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിൽ സമർപ്പിക്കുക എന്നതുമാത്രമാണ് നമുക്ക് ആശ്വാസം പകർന്നു നൽകുന്നത്. ഭീതിയുടെയും ഉത്കണ്ഠയുടെയും മുൾമുനയിൽ ഏതുനിമിഷത്തിലും മരണം പ്രതീക്ഷിച്ചുകൊണ്ട് ജീവിക്കുന്ന അവിടെയുള്ള നമ്മുടെ സഹോദരങ്ങൾക്കായി പ്രാർത്ഥിക്കുവാൻ നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട് എന്നത് ഓർത്തുകൊളളണം.

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ **No. EI 30/15-** ാം നമ്പർ കല്പനയിലൂടെ സത്യവിശ്വാസത്തിനായി പ്രാണാർപ്പണം ചെയ്ത സുറിയാനിക്കാരുടെ 100-ാം രക്തസാക്ഷിത്വത്തിന്റെ ഓർമ്മ **"സൈഫോ"** എന്ന പേരിൽ നടത്തുവാനും അതോടനുബന്ധിച്ച് 2015 ജൂൺ മാസത്തിന്റെ മദ്ധ്യത്തിൽ സിറിയായിലെ ദമാസ്ക്കസിലെ പാത്രിയർക്കാ അരമനയിൽ വച്ച് പരി.മൂറോൻ കൂദാശ പരി.പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തുവാനും നിശ്ചയിച്ചിട്ടുള്ളതും അറിയിക്കുന്നു. ലോകമെമ്പാടുമുള്ള സുറിയാനി ക്രിസ്ത്യാനികളോടൊപ്പം ഇന്ത്യയിലെ പരി.സഭയിലെ വിശ്വാസികളും ദൈവാലയങ്ങളും ഈ പരി. കൂദാശയിൽ ഭാഗഭാക്കാകണമെന്ന് പരി.പിതാവ് കല്പനയിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. പരി.സഭയുടെ മെത്രാപ്പോലീത്തൻ സമിതി 09-04-2015 വ്യാഴാഴ്ച ചേരുകയും ഇതു സംബന്ധിച്ച് ആവശ്യമായ ആലോചനകൾ നടത്തുകയും ചെയ്തു. പരി.കാനോനിൽ പറഞ്ഞിട്ടുള്ളതിൻ പ്രകാരം പരി.മൂറോൻ കൂദാശയ്ക്കാവശ്യമായ വസ്തുവകകളും നമ്മുടെ ദേശത്തു ലഭ്യമായ കറുകപ്പട്ട, ചുക്ക്, ഗ്രാമ്പു, കുങ്കുമപ്പൂവ് എന്നിവ വിശ്വാസികളായ ദൈവമക്കൾ അവരവരുടെ വീടുകളിൽനിന്നും കൊണ്ടുവന്ന് ഇടവക പള്ളിയിൽ ശേഖരിച്ച് ആയത് ബഹു.വികാരിയുടെ ഉത്തരവാദിത്വത്തിൽ ബഹു. പള്ളിക്കാര്യത്തിൽനിന്നും 2015 ഏപ്രിൽ മാസം 23-ാം തീയതിയ്ക്കകം സഭാആസ്ഥാനമായ പുത്തൻകുരിശ് പാത്രിയർക്കാസെന്ററിൽ എത്തിക്കേണ്ടതാണ്. മൂറോൻ കൂട്ടുകൾ എത്തിക്കാൻ സാധിക്കാത്ത പള്ളികൾ ആയതിന്റെ ഓഹരി അന്നേദിവസം സഭാആസ്ഥാനത്ത് എത്തിക്കുവാൻ ക്രമീകരണം ചെയ്തിരിക്കണം. ഈ പരി. കൂദാശയിൽ പങ്കാളികളാകുന്നതുവഴി പരി.ആത്മാവിന്റെ അനുഗ്രഹങ്ങൾ ലഭിപ്പാൻ പ്രത്യാശയോടെ പ്രാർത്ഥിക്കുവാൻ കരുതലുള്ളവരും ആയിരിക്കണം.

**സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .....................**

**ദൈവം അനുഗ്രഹിക്കട്ടെ**

പുത്തൻകുരിശ്
പാത്രിയർക്കാ സെന്ററിൽ നിന്നും,
2015 ഏപ്രിൽ മാസം 15-ാം തീയതി.

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**